**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2127** **08.03.2018- ൽ മറുപടിയ്ക്ക്**

# പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ നവീകരിക്കുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കിവരുന്ന 'എല്ലാ സർക്കാർ/സർക്കാർ എയിഡഡ് സ്കൂളുകളിലേയും ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റുക' എന്ന പദ്ധതിയ്ക്ക് പിൻതുണ നൽകി കൊണ്ട് സഹകരണ വകുപ്പ് 1000 സർക്കാർ/സർക്കാർ എയിഡഡ് LP/UP സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ച് നൽകുവാൻ പദ്ധതിയിടുകയുണ്ടായി.<br>സംസ്ഥാനത്തെ 14 ജില്ലകളിലേയും സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘടനകളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക. ഒരു നിയോജക മണ്ഡലത്തിൽ നിന്നും സ്മാർട്ട് ക്ലാസ് റൂം ആവശ്യമുള്ളതും അർഹതയുള്ളതുമായ 7 സർക്കാർ/സർക്കാർ എയ്ഡഡ് LP/UP സ്കൂളുകളുടെ വിവരങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ മാരിൽ നിന്നും ശേഖരിച്ച് സ്കൂളുകളേയും അതാത് സ്ഥലത്തെ സന്നദ്ധരായ സഹകരണ സംഘങ്ങളെയും തമ്മിൽ ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂളുകളുടെ ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും അന്തിമമായി തയ്യാറാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) യും | പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) യും | |

**സെക്ഷൻ ഓഫീസർ**